"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - പാറ്റൂർ ചൂരക്കാട്ടുപാളയം റോഡ് വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് പൊന്നുംവില നിയമം 28 എ പ്രകാരം ശ്രീ. വി. കുമാറിന്റെ (Late) പേരിലുള്ള അവാർഡ് തുക നിയമാനുസൃത അവകാശിയായ ശ്രീ. ലതീഷ് കുമാറിന് റിലീസ് ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.2176/2024/LSGD തീയതി, തിരുവനന്തപുരം, 13-11-2024**

---

പരാമർശം:-

1. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 30/10/2023-ലെ എസ്1/909/2021/ടിഡിഎ നമ്പർ കത്ത്.
2. സ.ഉ.(സാധാ) നം.1558/2024/ത.സ്വ.ഭ.വ തീ. 21/08/2024.
3. സ.ഉ.(സാധാ) നം.7315/2024/ധന തീ. 03/10/2024.

**<u>ഉത്തരവ്</u>**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം താലൂക്കിൽ തൈക്കാട് വില്ലേജിൽ പാറ്റൂർ - ചൂരക്കാട്ടുപാളയം റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് പൊന്നുംവില നിയമം സെക്ഷൻ 28 (എ) പ്രകാരം കക്ഷിയായ ശ്രീ. വി. കുമാർ സമർപ്പിച്ച അപേക്ഷയിൽ ജില്ലാ കളക്ടർ പാസ്സാക്കിയ അവർഡ് തുകയായ 16,03,465/- രൂപ (പതിനാറ് ലക്ഷത്തി മൂവായിരത്തി നാനൂറ്റി അറുപത്തിയഞ്ച് രൂപ മാത്രം) കക്ഷിയായ ശ്രീ. വി. കുമാർ മരണപ്പെട്ടുപോയതിനാൽ അദ്ദേഹത്തിന്റെ നിയമാനുസൃത അവകാശിയായ ശ്രീ. ലതീഷ് കുമാറിന് അനുവദിക്കണമെന്ന് തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി പരാമർശം (1) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2) തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പാറ്റൂർ - ചൂരക്കാട്ടുപാളയം റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ തൈക്കാട് വില്ലേജിൽ സർവ്വേ നം. 2386/A1 (LA Re.Sy.No.2386/8)-ൽപ്പെട്ടതും ശ്രീ. വി. കുമാറിന്റെ ഉടമസ്ഥതയിൽ ഉണ്ടായിരുന്നതുമായ 00.24 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് പൊന്നുംവില നിയമം സെക്ഷൻ 28 (എ) പ്രകാരം കക്ഷി സമർപ്പിച്ച അപേക്ഷയിൽ ജില്ലാ കളക്ടർ പാസ്സാക്കിയ അവർഡ് തുകയായ 16,03,465/- രൂപ (പതിനാറ് ലക്ഷത്തി മൂവായിരത്തി നാനൂറ്റി അറുപത്തിയഞ്ച് രൂപ മാത്രം) കക്ഷിയായ ശ്രീ. വി. കുമാർ മരണപ്പെട്ടുപോയതിനാൽ അദ്ദേഹത്തിന്റെ നിയമാനുസൃത അവകാശികളായ ഭാര്യ ശ്രീമതി കലാ കുമാർ, മക്കളായ ശ്രീ. രാംമുകേഷ്, ശ്രീ. വിമൽ രാജ്, ശ്രീ. കെ. ലതീഷ് കുമാർ, ശ്രീ. വൈശാഖ് എന്നിവർക്കുവേണ്ടി നിയമനുസൃതം ചുമതലപ്പെടുത്തിയിട്ടുള്ള ശ്രീ. കെ. ലതീഷ് കുമാർ (S/o വി. കുമാർ (Late), നിഷാന്ത് നിവാസ്, മണക്കാട് പി.ഒ. തിരുവനന്തപുരം) എന്ന കക്ഷിക്ക് അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം ഭരണാനുമതി നൽകി ഉത്തരവാകുകയും പരാമർശം (3) പ്രകാരം 4217-60-800-93- Payment of Compensation in LAR Caes (Plan Charged) എന്ന

ശീർഷകത്തിൽ 16,04,000/- രൂപ അധികധനാനുമതിയായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

3) മേൽ പ്രകാരമുള്ള ഭരണാനുമതി ഉത്തരവിന്റെയും അധികധനാനുമതിയുടെയും അടിസ്ഥാനത്തിൽ പാറ്റൂർ - ചൂരക്കാട്ടുപാളയം റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ തൈക്കാട് വില്ലേജിൽ സർവ്വേ നം. 2386/A1 (LA Re.Sy.No.2386/8)- ൽപ്പെട്ടതും ശ്രീ. വി. കുമാറിന്റെ (Late) ഉടമസ്ഥതയിൽ ഉണ്ടായിരുന്നതുമായ 00.24 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് പൊന്നുംവില നിയമം 28 (എ) പ്രകാരം കക്ഷി സമർപ്പിച്ച അപേക്ഷയിൽ ജില്ലാ കളക്ടർ പാസ്സാക്കിയ അവർഡ് തുകയായ 16,03,465/- രൂപ (പതിനാറ് ലക്ഷത്തി മൂവായിരത്തി നാനൂറ്റി അറുപത്തിയഞ്ച് രൂപ മാത്രം) കക്ഷിയായ ശ്രീ. വി. കുമാർ മരണപ്പെട്ടുപോയതിനാൽ അദ്ദേഹത്തിന്റെ നിയമാനുസൃത അവകാശികളായ ഭാര്യ ശ്രീമതി കലാ കുമാർ, മക്കളായ ശ്രീ. രാംമുകേഷ്, ശ്രീ. വിമൽ രാജ്, ശ്രീ. കെ. ലതീഷ് കുമാർ, ശ്രീ. വൈശാഖ് എന്നിവർക്കുവേണ്ടി നിയമാനുസൃതം ചുമതലപ്പെടുത്തിയിട്ടുള്ള ശ്രീ. കെ. ലതീഷ് കുമാർ (S/o വി. കുമാർ (Late), നിഷാന്ത് നിവാസ്, മണക്കാട് പി.ഒ. തിരുവനന്തപുരം) എന്ന കക്ഷിക്ക് 4217 CAPITAL OUTLAY ON URBAN DEVELOPMENT - 60 OTHER URBAN DEVELOPMENT SCHEMES - 800 OTHER EXPENDITURE - 93 Payment of compensation in LAR Cases (Plan - Charged) എന്ന ശീർഷകത്തിൽ നിന്നും റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

4) പരാമർശം (3) പ്രകാരം മേൽ ചെലവിന്റെ ക്രമീകരണത്തിലുള്ള ഉപധനാഭ്യർത്ഥന ശിപാർശ യഥാസമയം ലഭ്യമാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYAKUMARI P

**ജോയിന്റ് സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി,തിരുവനന്തപുരം.
ശ്രീ. കെ. ലതീഷ് കുമാർ, S/o ശ്രീ. വി. കുമാർ (Late), നിഷാന്ത് നിവാസ്,
മണക്കാട് പി.ഒ. തിരുവനന്തപുരം (ജില്ലാ കളക്ടർ മുഖാന്തിരം).
സ്പെഷ്യൽ ഓഫീസർ. സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം.
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (No.WCD-3/177/024-Fin dated 16/10/2024).
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,
ഐ & പി. ആർ. ഡി. (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/199 /2024/തസ്വഭവ)

Signed by
Biju. B
Date: 14-11-2024 13:10:07

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ